ഉത്തരം

(എ) അഞ്ച് ആനകൾ.

(ബി) ഈ കാരണംമൂലം ആനകൾ ചരിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വനത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപേക്ഷിക്കപ്പെടാതിരിക്കാൻ സന്ദർശകരുടെ ശ്രദ്ധ പതിയുന്ന സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നേച്ചർ ക്യാമ്പുകളും മറ്റും സംഘടിപ്പിച്ച് ഇതിനെതിരെ ബോധവൽക്കരണം നടത്തിവരുന്നുണ്ട്. പ്രത്യേക പരിപാടിയായ "പ്ലാസ്റ്റിക്ക് ഫ്രീ ഡേ" എല്ലാ മാസവും 28-ാം തീയതി നടത്തിവരുന്നു. കൂടാതെ ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യാൻ വാച്ചർമാരെ നിയമിച്ചിട്ടുണ്ട്.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് നടപടി

106 [662] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വ്യാപനത്തിനുമായി എന്തെല്ലാം പദ്ധതികൾ ഇതിനകം സർക്കാർ നേതൃത്വത്തിൽ നടത്തിയെന്ന് വിശദമാക്കുമോ ;

(ബി) മേൽ സംഗതിക്കായി ഇനി എന്തെല്ലാം പരിപാടികളാണ് സർക്കാർ പുതുതായി ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി പരിസ്ഥിതി വകുപ്പ് രൂപീകരിച്ച സാഹചര്യത്തിൽ, കണ്ടൽവന സംരക്ഷണത്തിലും പ്രകൃതി സംരക്ഷണത്തിലും ഇതര സർക്കാർ വകുപ്പുകളിലെ തല്പരരായ ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലാതെയോ ഉൾപ്പെടുത്തി പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുംവേണ്ടി കോഴിക്കോട് ഫോറസ്റ്റ് ഡിവിഷനിൽ 23.5 ഹെക്ടറും കണ്ണൂർ ഡിവിഷനിൽ കാസർഗോഡ് ഭാഗത്ത് 12.92 ഹെക്ടറും കണ്ണൂർ ജില്ലയിലെ പ്രദേശങ്ങളിൽ 133.5857 ഹെക്ടറും 24-12-2003-ലെ ജി.ഒ. (എം.എസ്.) 64/2003/വനം പ്രകാരം നോട്ടിഫൈ ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെ കൈവശം ഉള്ള 282.068 ഹെക്ടറും കാസർഗോഡ് ജില്ലയിലെ 39.67 ഹെക്ടറും റവന്യൂ വകുപ്പിന്റെ കൈവശമുള്ള കണ്ണൂർ ജില്ലയിൽ 6.10 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 472.388 ഹെക്ടറും നോട്ടിഫൈ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ഡിവിഷനിൽപ്പെട്ട കോട്ടുളിയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനു വേണ്ടി കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രോജക്ടിന് സർക്കാർ അംഗീകാരം നൽകുകയും വനവൽക്കരണത്തിന് വേണ്ടി 4 ലക്ഷം രൂപ നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ, വാട്ടർ അതോറിറ്റി, ജലസേചനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി അവിടത്തെ ജൈവ വൈവിദ്ധ്യങ്ങളെയും സസ്യജാലങ്ങളെയും സംരക്ഷിക്കുന്നതിന് ഉപകരിക്കും.

(ബി) വേമ്പനാട് കായലിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി 210 ലക്ഷം രൂപയുടെ ഒരു പദ്ധതിയും കണ്ണൂർ-കോഴിക്കോട് ജില്ലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണം ലക്ഷ്യമാക്കി 600 ലക്ഷം രൂപയുടെ പദ്ധതിയും തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വിദ്യാഭ്യാസ വായ്പ അനുവദിക്കാൻ നടപടി

107 [664] ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നൽകുന്ന വിദ്യാഭ്യാസ വായ്പകൾ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നഴ്സിംഗ് തുടങ്ങിയ ജോലി സാദ്ധ്യത കൂടിയ കോഴ്സുകൾക്ക് ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എല്ലാ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്കും എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വായ്പ ലഭിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ധനകാര്യ കോർപ്പറേഷനായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പാ സഹായത്താൽ അവരുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്.

NBCFDC താഴെപ്പറയുന്ന കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്:

1. എം.ബി.എ./തത്തുല്യം (എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ളത്.)
2. എം.സി.എ./തത്തുല്യം (എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ളത്.)
3. എഞ്ചിനീയറിംഗ് ബിരുദ/ബിരുദാനന്തര കോഴ്സുകൾ (എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ളത്.)

LIBRARY ARCHIVES Kerala Legislative Assembly